# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

30.11.2018 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.878

## കേന്ദ്ര വനനയം സംബന്ധിച്ച് സംസ്ഥാന നിലപാട്

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) വനങ്ങൾ സ്വകാര്യ കുത്തക കമ്പനികൾക്ക് കൈമാറാൻ വ്യവസ്ഥ ചെയ്യുന്ന പുതിയ കേന്ദ്ര വനനയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വനപരിപാലനം പ്രോത്സാഹിപ്പിക്കുന്ന കരട് കേന്ദ്ര നയം സംബന്ധിച്ച അഭിപ്രായം സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് നീക്കി വച്ചിട്ടുള്ള തുകയിൽ, പ്രത്യേകിച്ച് കൃഷി സംബന്ധമായും ഗ്രാമവികസനവുമായി ബന്ധപ്പെട്ടിട്ടുള്ളത്, വനാശ്രിത സമൂഹത്തിനുകൂടി ആനുപാതികമായി ഉപയോഗപ്പെടുത്തണമെന്ന് കരട് നയത്തിൽ പരാമർശിക്കുന്നുണ്ട്. ഇപ്രകാരം ചെയ്യുന്നത് ഫോറസ്ട്രി സെക്ടറിലേയ്ക്കുള്ള ഫണ്ട് കൂട്ടുന്നതിന് സഹായമാകുമെങ്കിലും പ്രതീക്ഷിക്കുന്ന തരത്തിൽ ഉപയോഗപ്രദമാക്കുന്നതിന് നീതി ആയോഗ് വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളും ടി തുക ഫലവത്തായി വിനിയോഗിക്കാൻ വിശാലമായ സമീപനം കൈക്കൊള്ളണമെന്ന അഭിപ്രായമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ |

നാഷണൽ കമ്മ്യൂണിറ്റി ഫോറസ്റ്റ് മാനേജ്മെന്റ് മിഷൻ ആരംഭിക്കും എന്ന പരാമർശത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളും എപ്രകാരം തുടരും എന്നതിനെക്കുറിച്ച് പരാമർശം ഇല്ലെന്ന വിവരവും പഞ്ചായത്ത് രാജ് വകുപ്പ് ഫോറസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽപോലും ഗ്രാമസഭകളുടെ അഭിപ്രായത്തിനാണ് കൂടുതൽ അംഗീകാരം നൽകുന്നതെന്നും ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് കമ്മിറ്റികളോട് മുഖം തിരിഞ്ഞ മനോഭാവ മാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് രാജ് വകുപ്പ് ഒരു വിശാല സമീപനം കൈക്കൊള്ളണമെന്ന അഭിപ്രായവും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

(സി) വന ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും വനാശ്രിത ആദിവാസി സമൂഹങ്ങളുടെ അവകാശങ്ങളും ഉപജീവന സാധ്യതകളും സംരക്ഷിക്കുന്ന തിനുമുള്ള വനനയമാണ് സംസ്ഥാനത്തിന് ആവശ്യം എന്നതുകൊണ്ട് ഇക്കാര്യ ത്തിലുള്ള അഭിപ്രായം അടിയന്തരമായി കേന്ദ്രത്തെ അറിയിക്കുമോ എന്ന് വ്യക്തമാക്കാമോ?

(സി) നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെയും സംസ്ഥാന സ്കിൽ ഡവലപ്മെന്റ് ഏജൻസികളുടെയും സഹായത്തോടെ വനാശ്രിത സമൂഹത്തിന് വനമേഖലയിൽ ജോലി സാധ്യത ലഭ്യമാക്കാൻ ഫോറസ്റ്റ് സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കും എന്നത് വനാശ്രിത സമൂഹത്തിന്റെ ദൈനംദിന ജീവനോപമാർഗ്ഗം വർദ്ധിപ്പിക്കു ന്നതിന് ഉതകും എന്ന അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ